## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 715** | **29/10/2019-ൽ മറുപടിയ്ക്ക്**

# കേരള ബാങ്കിന്റെ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.സി. ജോർജ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | റിസർവ്വ് ബാങ്കിൽ നിന്നും അന്തിമ അനുവാദം ലഭിച്ച് കഴിഞ്ഞിട്ടുണ്ട്. മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിച്ച് കൊണ്ട് കേരള ബാങ്ക് രൂപീകരിക്കാനാണ് റിസർവ്വ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത്. 2020 മാർച്ച് 31-ന് മുമ്പ് ലയന നടപടികൾ പൂർത്തീകരിക്കണമെന്നാണ് റിസർവ്വ് ബാങ്ക് അറിയിച്ചിട്ടുള്ളത്. ബഹു. ഹൈക്കോടതിയിൽ 14 A നിയമഭേദഗതിയുമായി ബന്ധപ്പെട്ട കേസുകളുടെ തീർപ്പിന് വിധേയമായി നടപടികൾ പൂർത്തീകരിക്കും. |
| (ബി) | പ്രസ്തുത ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് എത്ര തവണ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സഹകരണ മന്ത്രിയുടെയും, ചീഫ് സെക്രട്ടറിയുടെയും, ധന സെക്രട്ടറിയുടെയും നേതൃത്വത്തിൽ മൂന്ന് പ്രാവശ്യം റിസർവ്വ് ബാങ്ക് അധികാരികളെ കണ്ടിരുന്നു. |

സെക്ഷൻ ഓഫീസർ